LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജനറൽ ആശുപത്രിയിൽനിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

42 (628) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളുരുത്തി ഗവൺമെന്റ് ആശുപത്രിയിൽ, എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

പള്ളുരുത്തി ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിരിക്കുന്ന ഡോക്ടർമാരുടെ മൂന്നു തസ്തികയിൽ രണ്ട് പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. രോഗികളുടെ എണ്ണം കൂടുന്ന മുറയ്ക്ക് വിദഗ്ദ്ധ ഡോക്ടരമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഡോക്ടർമാരുടെ ഒഴിവുകൾ

43 (629) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലും പ്രാഥമിക ചികിത്സാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജനറൽ കേഡർ വിഭാഗത്തിൽ അസിസ്റ്റന്റ് സർജന്റെ 300 തസ്തികകളും സിവിൽ സർജന്റെ 61 തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു.

(ബി) 31-8-2010-ൽ ഉണ്ടായിരുന്ന 166 ഒഴിവുകളിൽ 150 എണ്ണം പി.എസ്.സി.യെ അറിയിക്കുകയും, ലിസ്റ്റ് ലഭിച്ച പ്രകാരം 99 പേരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് സർജന്മാരെ സിവിൽ സർജനാക്കിയ 99 ഒഴിവുകളും പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. ബാക്കി റിപ്പോർട്ട് ചെയ്യാനുള്ള 150 ഒഴിവുകളിൽ 25 ഒഴിവുകൾ ബിരുദാനന്തര പഠനത്തിനും/അവധിക്കും ശേഷം ഡോക്ടർമാരെ നിയമിക്കാനായി മാറ്റിവച്ചശേഷം 125 ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.